പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1323** **15.6.2012-ൽ മറുപടിക്ക്**

**വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, വി. ശിവൻകുട്ടി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതു സംബന്ധിച്ച നിലപാട് വിശദമാക്കാമോ ;<br><br>സി) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ? | ബി) & സി) ഹൈക്കോടതി വിധിക്കുശേഷം സർക്കാർ തലത്തിൽ വിളപ്പിൽ പഞ്ചായത്തുമായും. വിളപ്പിൽശാല സമരസമിതിയുമായും സമാധനപരമായി വിധി നടപ്പാക്കുന്നതിന് ചർച്ചകൾ നടത്തി. ചർച്ചകൾ പരാജയപ്പെട്ടതിനെ തുടർന്ന് 2012 ഫെബ്രുവരി 13 ന് പോലീസ് സംരക്ഷണത്തോടെ നഗരസഭയിൽ നിന്നുമുള്ള മാലിന്യം വിളപ്പിൽശാലയിലേക്ക് കൊണ്ടു പോകാൻ ശ്രമം നടത്തിയെങ്കിലും ജനങ്ങളുടെ ശക്തമായ പ്രതിരോധം മൂലം പ്രസ്തുത ശ്രമം പരാജയപ്പെട്ടു. ഹൈക്കോടതി മീഡിയേഷൻ സെന്റർ മുഖാന്തിരമുള്ള മദ്ധ്യസ്ഥ ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ